# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6264

31 . 10 . 2011 -ൽ
മറുപടിക്ക്

### ഗ്രാറ്റുവിറ്റി തുക ലഭിക്കാത്തതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി. | ഡോ. എം. കെ. മുനീർ.<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |
| (എ) പഞ്ചായത്ത് വകുപ്പിൽ നിന്നും ജൂനിയർ സൂപ്രണ്ടായി പെൻഷൻ പറ്റിയ ശ്രീ.കുട്ടപ്പന് പെൻഷൻ പറ്റി 12 വർഷം കഴിഞ്ഞിട്ടും ഗ്രാറ്റുവിറ്റി തുക ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത വ്യക്തിക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ ആഫീസിലെ സി 5-39299/99, ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ ഡി2 -4455/99 എന്നീ ഫയലുകളിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ ; | (ബി) ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ. കുട്ടപ്പന്റെ പേരിൽ കൃത്യ വിലോപവും ചട്ടങ്ങളുടെ ലംഘനവും ആരോപിക്കപ്പെട്ടിരുന്നതിനാൽ അന്വേഷണ ത്തിനും തുടർ നടപടികൾക്കുമായി ടിയാനെ പഞ്ചായത്ത് ഡയറക്ടറുടെ 18/11/99 -ലെ ഡി5-39299/99 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും തുടർന്ന് 29/12/99 ലെ ഡി5-39299/99 പ്രകാരം സർവ്വീസിൽ പുനപ്രവേശിപ്പിക്കുകയും ചെയതു. ശ്രീ.കെ. കുട്ടപ്പന്റെ പേരിൽ സ്വീകരിച്ചു വന്നിരുന്ന അച്ചടക്കനടപടികൾ. ഇക്കാര്യത്തിൽ നടത്തിയ അന്വേഷണ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ മേൽ നടപടികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 29/09/2000 ലെ ഡി5-39299/99 ഉത്തരവ് പ്രകാരം തീർപ്പാക്കുകയും ചെയ്തു. |

സസ്പെൻഷൻ കാലം ക്രമവത്ക്കരിക്കുന്നതിനായി ടിയാൻ 24.10.2000-ൽ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ ടിയാൻ സസ്പെൻഷനിലായിരുന്ന കാലയളവ് എല്ലാ സർവ്വീസ് ആവശ്യങ്ങൾക്കും സേവനകാലമായി കണക്കാക്കി 14.11.2000-ൽ ഡി5-39299/99 നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ സി3-4455/99 നമ്പരായി വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ അയൽക്കൂട്ടം കൂടിയതിലെ അപാകത സംബന്ധിച്ച ഫയൽ ഉണ്ടായിരുന്നതായും ആയത് 21.12.2002-ൽ എൽഡിസ് ആയി തീർപ്പാക്കിയിട്ടുളളതുമാണ്. ശ്രീ.കെ. കുട്ടപ്പന് ഗ്രാറ്റുവിറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫയൽ നമ്പർ എ5-5263/99 എന്നതാണ്. ഈ ഫയലിൽ തുടർനടപടികൾ സ്വീകരിച്ച് ടിയാന് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) ഗ്രാറ്റുവിറ്റി നൽകുന്നതിലുണ്ടായ കാല താമസത്തിനുളള കാരണം വെളിപ്പെടുത്തുമോ ? | (സി) പഞ്ചായത്ത് വകുപ്പിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ വ്യക്തിഗത ബാദ്ധ്യത തിട്ടപ്പെടുത്തി ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിനായി, ടി ജീവനക്കാരുടെ സേവനാരംഭം മുതൽ വിരമിക്കുന്ന തീയതി വരെ സേവനമനുഷ്ഠിച്ചിരുന്ന ആഫീസുകളിൽ നിന്നും ബാദ്ധ്യത/ബാദ്ധ്യതാരഹിത സാക്ഷ്യ പത്രം ശേഖരിച്ചാണ് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി വകുപ്പ് തല ബാദ്ധ്യത/ബാദ്ധ്യതാ രഹിത സാക്ഷ്യപത്രം അനുവദിക്കുന്നത്. ശ്രീ. കുട്ടപ്പൻ സേവനമനുഷ്ഠിച്ചിരുന്ന ആഫീസുകളിൽ നിന്നും ടിയാൻെറ ബാദ്ധ്യത/ബാദ്ധ്യതാ രഹിത സാക്ഷ്യപത്രം ശേഖരിച്ചതിൽ ടിയാൻെറ പേരിൽ ആലക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്നും 41503/-രൂപയും മരിയാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും 12.05.392/-രൂപയും വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും 30826/- രൂപയും ഉൾപ്പെടെ ആകെ 12.77.721 രൂപയാണ് ബാദ്ധ്യയായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. ടി തുക ടിയാൻെറ ഗ്രാറ്റുവിറ്റിയെക്കാൾ കൂടുതലായതിനാൽ ടിയാൻെറ വ്യക്തിഗത ബാദ്ധ്യത മാത്രം തിട്ടപ്പെടുത്തി ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. അതിൻ പ്രകാരം വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും ടിയാൻെറ ബാദ്ധ്യതാരഹിത സാക്ഷ്യപത്രവും, ആലക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്നും 30.000 രൂപയുടെ |

ബാദ്ധ്യതാസാക്ഷ്യപത്രവും, (സർചാർജ്ജ് തുക) ലഭിച്ചു. എന്നാൽ മരിയാപുരം ഗ്രാമ പഞ്ചായത്തിൽ നിന്നും ടിയാൻെറ വ്യക്തിഗത ബാധ്യത തിട്ടപ്പെടുത്തി യഥാസമയം ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളതും എന്നാൽ ചാർജ്ജ്/സർചാർജ്ജ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടില്ലാത്തതുമായ ബാധ്യതകൾ കെ.എസ്. ആർ ഭാഗം III റൂൾ 116 പ്രകാരം തിരിച്ച് പിടിക്കും എന്ന നിബന്ധനയോടുകൂടി ടിയാൻെറ ഗ്രാറ്റുവിറ്റി വിടുതൽ ചെയ്ത് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ